മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ജെട്ടിയുണ്ടെങ്കിൽ വെയ്റ്റിംഗ് ഷെഡായിരുന്നു; അവിടെ ജെട്ടിയില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: അവിടെ ജെട്ടിയില്ലാത്തതുകൊണ്ടു് യാത്രക്കാർക്കു ബുദ്ധിമുട്ടുണ്ടെന്നു ഗവൺമെൻറു് ധരിച്ചിട്ടുണ്ടോ?

മിസ്റ്റർ വി. കെ അരവിന്ദാക്ഷമേനോൻ: അതു ബ്രിട്ടീഷ് കൊച്ചിൻ മുനിസിപ്പാലിറ്റി ചെയ്യേണ്ടതാണു്. അതു് അവർ കെട്ടാത്തതുകൊണ്ടു കുറെ ബുദ്ധിമുട്ടുണ്ടാകും.

മിസ്റ്റർ സി. വി. ഇയ്യു: ബ്രിട്ടീഷുതുരുത്തിക്കടുത്തുള്ള നമ്മുടെ ഗവൺമെൻറുവക സ്ഥലത്തു ജെട്ടി കെട്ടുമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അതിനുള്ള സൌകര്യമായ സ്ഥലമില്ല

VENDURUTHI—SCARCITY OF PURE WATER

216. മിസ്റ്റർ ബി. എം. പീറർ:

താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെൻറു ദയവായി മറുപടി പറയുമോ.—

(ക) രാമേശ്വരം വില്ലേജിൽപ്പെട്ട വെണ്ടുരുത്തിയിലുള്ള ശുദ്ധജലദൌർല്ലഭ്യത്തെപ്പറ്റി തദ്ദേശവാസികളിൽനിന്നും വല്ല അപേക്ഷകളും ഉണ്ടായിട്ടുണ്ടോ;

(ഖ) ഉണ്ടെങ്കിൽ അക്കാര്യത്തിൽ വല്ല നിവാരണവും വരുത്തി കൊടുത്തിട്ടുണ്ടോ;

(ഗ) എറണാകുളത്തുനിന്നു മട്ടാഞ്ചേരിയിലേക്കുള്ള മെയിൻ ലയിനിൽനിന്നു തൽക്കാലം മൂന്നു നാലു—ഫൌണ്ടനുകളെങ്കിലും വെച്ചുകൊടുക്കുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

മിസ്റ്റർ വി കെ. അരവിന്ദാക്ഷമേനോൻ:

(ക) ഫസ്വലി ജനുവരിമാസം ഫസ്വലി വെണ്ടുരുത്തിയിലെ പൌരസമാജം ഇക്കാര്യത്തെപ്പറ്റി പാസ്സാക്കിയ ഒരു പ്രമേയത്തിൻെറ പകർപ്പു് ഗവൺമെൻറിനു കിട്ടീട്ടുണ്ടു്.

(ഖ) ഇല്ല.

(ഗ) ഈ കാര്യത്തിനു് ഇപ്പോൾ സാദ്ധ്യമല്ല.

മിസ്റ്റർ ബി എം. പീറർ: ഇതു് ഇപ്പോൾ സാദ്ധ്യമല്ലെന്നു പറഞ്ഞിട്ടുള്ളതു വെള്ളത്തിൻെറ പോരായ്മകൊണ്ടാണോ?

മിസ്റ്റർ വി കെ. അരവിന്ദാക്ഷമേനോൻ: അതെ. എറണാകുളത്തും മട്ടാഞ്ചേരിയിലും ഒക്കെ വെള്ളം കൊടുക്കണമെന്ന സ്ഥിതി വന്നപ്പോൾ വെള്ളമുണ്ടോ ഇല്ലയോ എന്നു തീർച്ചയാക്കിവേണം ഒരു പുതിയ ലയിൻ തുറക്കുവാൻ. ബ്രിട്ടീഷ് കൊച്ചിയിലേയ്ക്കും വെള്ളംവേണമെന്നു തീരുമാനിയ്ക്കുകയാണെങ്കിൽ ബുദ്ധിമുട്ടേണ്ടിവരുമെന്നാണു തോന്നുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ബി. എം. പീറർ: വെണ്ടുരുത്തിയുടെ പടിഞ്ഞാറവശത്തു് വളരെ മോശമായിട്ടാണിരിയ്ക്കുന്നതു്. അവിടെ ഒരു ഹൈഡ്രന്റെ എങ്കിലും വെച്ചുകൊടുത്താൽ മതി.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അവിടെയുള്ള ബുദ്ധിമുട്ടുകളെപ്പറ്റി ഗവണ്മെൻറു ധരിച്ചിട്ടുണ്ടു്. വെള്ളം കൊടുക്കേണ്ട ആവശ്യത്തെക്കുറിച്ചു ഗവണ്മെൻറിനറിവുണ്ടെങ്കിലും എല്ലായ്പോഴും ഒന്നുപോലെ വെള്ളം പമ്പുചെയ്തു കിട്ടുവാൻ വിഷമമുണ്ടു്.

മിസ്റ്റർ എ. ഈച്ചരമേനോൻ: വെള്ളം അധികമെടുക്കുവാൻ തിരുവിതാംകൂർ ഗവണ്മെൻറിന്റെ സമ്മതം വേണ്ടേ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: വേണം.

മിസ്റ്റർ വി. കെ. കുട്ടി: ഫാർമ്പറിലേയ്ക്കു വെള്ളം കൊടുക്കുന്നുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ദിവസമൊന്നിനു ൪൦,൦൦൦ ഗ്യാലൻ വീതം കൊടുക്കുന്നുണ്ടു്.

മിസ്റ്റർ വി. കെ. കുട്ടി: അതിനുവില വാങ്ങുന്നുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ൫,൦൦൦ ഗ്യാലനു് ഒന്നുകാൽ ഉറുപ്പികവീതം വാങ്ങുന്നുണ്ടു്.

മിസ്റ്റർ വി. കെ. കുട്ടി: അതുപോലെ വെണ്ടുരുത്തിയിലുള്ളവർ വില തരുകയാണെങ്കിൽ അവർക്കു വെള്ളം കൊടുക്കാമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: വേനൽകാലത്തു വെള്ളമില്ലാതെവരും. കൂടുതൽ സ്ഥലങ്ങളിൽ വെള്ളം കൊടുത്താൽ ഈ ക്ഷാമം ഒന്നും കൂടി അധികമാകും. ഇപ്പോൾ കൊടുത്തുവരുന്ന സ്ഥലത്തുതന്നെ പതിവുപോലെ വെള്ളം കൊടുക്കുവാൻ വേനൽക്കാലത്തു മതിയാകാതെയാണിരിക്കുന്നതു്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: വേനൽക്കാലത്തു വെള്ളം കുറയുന്നതെങ്ങിനെയാണു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: നല്ലമഴക്കാലത്തു പമ്പുചെയ്യുമ്പോൾ വെള്ളത്തിന്റെ ആകർഷൻ അധികമായിരിക്കും. വേനൽക്കാലത്തു് എത്ര പമ്പുചെയ്താലും വെള്ളം അത്രത്തോളം കിട്ടുകയില്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: വേനൽക്കാലത്തു വെള്ളം പോരാതെ വരുന്നതു് പമ്പിംങ്ങു് നടത്തുന്നതിന്റെ പോരായ്മകൊണ്ടാണോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: മഴക്കാലത്തെപോലെ എത്ര പമ്പുചെയ്താലും വേനൽക്കാലത്തു വെള്ളം കുറവായിട്ടേ കിട്ടുകയുള്ളൂ.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: പുഴയിലെ വെള്ളത്തിനു ക്ഷാമമുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: പുഴയിൽ വെള്ളത്തിനു ക്ഷാമമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ബി. എം. പീറർ : മട്ടാഞ്ചേരിയിലെ പോലെ ഒരു ഹൈഡ്രന്റ് വെച്ചിട്ടെങ്കിലും ഇവിടെ വെള്ളം കൊടുക്കാമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : അതിനെപ്പറ്റി ആലോചിക്കാം.

MEDICAL DEPARTMENT—ADMINISTRATION REPORT CASTE-WAR STATEMENT OF PATIENTS—BASIS OF CLASSIFICATION

217. മിസ്റ്റർ ബി. എം. പീറർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ടു് സഭയെ മറുപടി പറയുമോ.—

(എ) മെഡിക്കൽ ഡിപ്പാർട്ടുമെണ്ടിന്റെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ (Statement No. 2.) ചികിത്സിച്ചവരുടെ പട്ടിക തയ്യാറാക്കുന്നതിൽ ജാതി തിരിക്കുന്നതു ജനസംഖ്യ നോക്കീട്ടാണൊ;

(ബ) അങ്ങിനെയാണെങ്കിൽ ക്രിസ്ത്യാനികളുടെ പേർ വിട്ടുപോയതു് എന്തുകൊണ്ടു് ?

ഡോക്ടർ ഡി. രാഘവേന്ദ്രറാവു :

(എ) അല്ല.

(ബ) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ ബി. എം. പീറർ : ഗവൺമെണ്ടു് ഇതുവീതം ചികിത്സിച്ചിട്ടുണ്ടെന്നു പറയുന്ന കൂട്ടത്തിൽ ക്രിസ്ത്യാനികളെ കാണുന്നില്ല. അതിനു വല്ല പ്രത്യേകകാരണവുമുണ്ടോ?

Dr. D. Raghavendra Rao *(Chief Medical Officer)* : In other classes Christians are included.

മിസ്റ്റർ ബി. എം. പീറർ : ക്രിസ്ത്യാനികൾ കൊച്ചി സംസ്ഥാനത്തു ധാരാളം ജനസംഖ്യയുള്ളവരാണെന്നു് അറിയാമോ?

ഡോക്ടർ ഡി. രാഘവേന്ദ്രറാവു : ഇതിലും ഒരു സ്പെഷൽ റൊട്ടേഷനുണ്ടെന്നു നിശ്ചയമില്ല.

മിസ്റ്റർ ബി. എം. പീറർ : ഇങ്ങിനെയാണെങ്കിൽ ഒന്നിച്ചുകൊടുത്താൽ പോരെ; ഹിന്ദുക്കൾ, മുഹമ്മദീയർ, യൂറോപ്യന്മാർ, ജൂസ് ഇങ്ങിനെ കാളം തിരിക്കുന്നതെന്തിനു്?

ഡോക്ടർ ഡി. രാഘവേന്ദ്രറാവു : പുതുതായി ആരംഭിച്ചിട്ടുള്ളതല്ല, പണ്ടേയുള്ള ഏർപ്പാടാണിതു്.

മിസ്റ്റർ ബി. എം. പീറർ : ഇതു് ആവശ്യമുണ്ടെന്നു കണ്ടതു കൊണ്ടാണു് വേണമെന്നു പറയുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly